പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 819          08.03.2012 - ലെ മറുപടി

ലോ ഫ്ളോർ ബസ്സുകൾക്ക് റൂട്ട് അനുവദിച്ചതിന്റെ മാനദണ്ഡം

ചോദ്യം                                                  ഉത്തരം

ശ്രീ. പി. തിലോത്തമൻ                                    ശ്രീ. വി.എസ്. ശിവകുമാർ
(ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ;ടി.സിയുടെ ലോ ഫ്ളോർ ബസ്സുകൾക്ക് റൂട്ട് അനുവദിച്ചിട്ടുള്ളതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരത്തേക്കും, എറണാകുളത്തേക്കും അനുവദിച്ചിട്ടുള്ള ലോ ഫ്ളോർ ബസ്സുകൾക്ക് യാത്രക്കാരുടെ ലഭ്യതയും സ്ഥലത്തിന്റെ പ്രാധാന്യവും സർവ്വീസിന് യോഗ്യമായ റോഡുകളുടെ ലഭ്യതയും മാനദണ്ഡമാക്കിയാണ് റൂട്ടുകൾ അനുവദിച്ചിട്ടുള്ളത്. |
| (ബി) | ചേർത്തല ടൗൺ, ആലപ്പുഴ, എറണാകുളം സിറ്റി എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് ലോ ഫ്ളോർ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് പറയുമോ; | (ബി) | JnNURM പദ്ധതിയിൽ ബസ്സുകൾ എറണാകുളത്തിന്റെ സമീപ പ്രദേശങ്ങളായ ആലപ്പുഴ, ചേർത്തല ടൗൺ എന്നിവിടങ്ങളിലേക്ക് സർവ്വീസ് നടത്താൻ അനുവാദം ലഭിച്ചിട്ടില്ല. |
| (സി) | നൂറുകണക്കിനു യാത്രക്കാർ നിരന്തരം യാത്രചെയ്യുന്ന ചേർത്തല-എറണാകുളം റൂട്ടിൽ ലോ ഫ്ളോർ ബസ് സർവ്വീസുകൾ അടിയന്തിരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ലോ ഫ്ളോർ ബസ്സുകളുടെ പ്രവർത്തനം JnNURM പദ്ധതി നഗരങ്ങളായി തിരഞ്ഞെടുത്തിട്ടുള്ള തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലാണ്. ഇതു സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് ബസ് സർവ്വീസ് നടത്തുന്നത്.<br>കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭ്യമായാൽ ചേർത്തല - എറണാകുളം റൂട്ടിൽ ലോ ഫ്ളോർ ബസ് സർവ്വീസ് നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ